**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3656** **27-06-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ പി.എച്ച്.ഡി. പ്രവേശന സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ പി.എച്ച്.ഡി. പ്രവേശനത്തിന് വിവിധ വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ പി.എച്ച്.ഡി. പ്രവേശനത്തിന് അനുവദിച്ചുവരുന്ന സംവരണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>കേരള സർവകലാശാല :</u><br><br>UGC (Minimum standards and procedures for award of Ph.d Degree) Regulations-2022, dated 07.11.2022 പ്രകാരം കേരള സർവകലാശാലയിൽ Ph.D പ്രവേശനത്തിന് സംവരണം നടപ്പിലാക്കുന്നതിനായുള്ള നയപരമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br><u>മഹാത്മാഗാന്ധി സർവകലാശാല</u> :<br><br>മഹാത്മാഗാന്ധി സർവകലാശാലയിൽ പി.എച്ച്.ഡി പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതയിൽ SC/ST/OBC (non-creamy layer)/OEC/Differently abled വിഭാഗങ്ങൾക്ക് പരീക്ഷയിൽ Qualifying mark-ൽ 5% ഇളവ് അനുവദിച്ചിട്ടുണ്ട്. പി.എച്ച്.ഡി പ്രവേശന പരീക്ഷയിൽ SC/ST വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 5% മാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ എല്ലാ ഗവേഷണ മാർഗ്ഗദർശികളുടെയും കീഴിൽ SC/ST വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. SC/ST വിഭാഗത്തിൽ ഉൾപ്പെട്ടവർ ഇല്ലാത്ത പക്ഷം സീറ്റ് അടുത്ത വർഷത്തേക്ക് ഒഴിച്ചിടുന്നതാണ്.<br><br><u>കാലിക്കറ്റ് സർവകലാശാല :</u><br><br>കാലിക്കറ്റ് സർവകലാശാലയിലെ പിഎച്ച്.ഡി ഉദ്യോഗാർത്ഥികൾക്ക് ബാധകമായ സംവരണം കാലിക്കറ്റ് സർവകലാശാലയുടെ 2023 ലെ റിസർച്ച് |

റെഗുലേഷൻസിന്റെ ക്ലോസ് 2.2 പ്രകാരമാണ്. "SC/ST/OBC (നോൺ-ക്രീമി ലെയർ) / ഭിന്നശേഷിയുള്ളവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം (EWS) വിഭാഗക്കാർക്കും മറ്റ് വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കും യൂണിവേഴ്സിറ്റി ഗ്രാൻറ് കമ്മീഷൻ തീരുമാനമനുസരിച്ച് 5% മാർക്കിന്റയോ തത്തുല്യ ഗ്രേഡിന്റെയോ ഇളവ് കാലാകാലങ്ങളിൽ നൽകാറുണ്ട്. പ്രവേശന സമയത്ത് ഓരോ കേന്ദ്രവും കാലിക്കറ്റ് സർവകലാശാലയുടെ അംഗീകൃത റിസർവേഷൻ റോസ്റ്റർ പിന്തുടരുന്നു.

<u>കണ്ണൂർ സർവകലാശാല:</u>

കണ്ണൂർ സർവ്വകലാശാലയിൽ General, OBC, SC/ST, EWS എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 50 : 20 : 20 : 10 എന്ന അനുപാതത്തിലാണ് സംവരണം അനുവദിക്കുന്നത്.

<u>കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി</u>

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിലവിലുള്ള പി.എച്ച്.ഡി. നിയമാവലി അനുസരിച്ച് പി.എച്ച്.ഡി പ്രവേശനത്തിന് എസ്.സി/എസ്.ടി/ ഒ.ബി.സി. (നോൺ-ക്രീമിലേയർ)/ ഭിന്നശേഷിയുള്ളവർ/സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം (EWS), മറ്റു വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ അവർക്ക് ലഭിച്ച മാർക്കിന്റെയോ തത്തുല്യ ഗ്രേഡിന്റെയോ 5 ശതമാനം ഇളവ് അനുവദിക്കുന്നതാണ്.

പി.എച്ച്.ഡി പ്രവേശനത്തിനായി സർവ്വകലാശാല നടത്തുന്ന DAT (Departmental Admission Test) പരീക്ഷയിൽ, മൊത്തം 50 ശതമാനം മാർക്ക് നേടിയവരെ മാത്രമാണ് അഭിമുഖത്തിനായി (Interview) വിളിക്കുന്നത്. എന്നാൽ എസ്.സി/ എസ്.ടി/ഒ.ബി.സി (നോൺ-ക്രീമിലെയർ) വിഭാഗം/ ഭിന്നശേഷിയുള്ള വിഭാഗം/സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (EWS) വിഭാഗം വിദ്യാർത്ഥികൾക്ക് 5 ശതമാനം മാർക്കിന്റെ ഇളവ് അനുവദിക്കുന്നുണ്ട്.

പി.എച്ച്.ഡി പ്രോഗ്രാമുകൾക്ക് അപേക്ഷിക്കുന്ന കേരളത്തിലെ എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്ക് അപേക്ഷ ഫോമിന്റെ പകുതി ഫീസ് മാത്രമേ ഒടുക്കേണ്ടതുള്ളൂ.

| | | | |
|---|---|---|---|
| | | | ഒരു റിസർച്ച് സൂപ്പർവൈസർക്ക് ഏതു സമയത്തും റിസർവേഷൻ വിഭാഗത്തിൽ നിന്നും ഒരു റിസർച്ച് സ്കോളർ എങ്കിലും ഉണ്ടായിരിക്കണം. എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് മുൻഗണന നൽകും.<br><br><u>ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല :</u><br><br>SC വിഭാഗത്തിന് 15 %വും ST വിഭാഗത്തിന് 5% സംവരണവും അനുവദിക്കുന്നുണ്ട്. ഒരു വിഭാഗത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലാത്തപക്ഷം രണ്ടാമത്തെ വിഭാഗത്തിന് സംവരണ സീറ്റ് അനുവദിക്കാറുണ്ട്.<br><br><u>തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല</u><br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ പിഎച്ച്.ഡി. പ്രവേശനത്തിനുള്ള അഭിരുചി പരീക്ഷയിലും തുടർന്നുള്ള അഭിമുഖ പരീക്ഷയിലും യോഗ്യത നേടുന്നവർക്കാണ് മെരിറ്റും സംവരണക്രമവും പാലിച്ച് വിജ്ഞാപനം ചെയ്ത ഒഴിവുകളിൽ പ്രവേശനം അനുവദിക്കുന്നത്. സർവകലാശാല ഗവേഷണ ചട്ടം, കെ.എസ്.എസ്.ആർ. എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി സംവരണ സീറ്റുകൾ നികത്തുന്നു. സംവരണം ചെയ്യപ്പെട്ട ടേണുകളിൽ യോഗ്യത നേടിയവരില്ലെങ്കിൽ പ്രസ്തുത ടേണുകൾ ബാക്ക് ലോഗ് വഴി അടുത്ത വർഷങ്ങളിൽ നികത്തുന്നു.<br><br><u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്:</u><br><br>സംവരണ തത്വങ്ങൾ പാലിച്ചാണ് പി.എച്ച്.ഡി അഡ്മിഷൻ നടത്തുന്നത്. സർക്കാർ അനുശാസിക്കുന്ന എല്ലാ വിഭാഗക്കാർക്കും സംവരണം നൽകുന്നുണ്ട്.<br><br><u>ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല</u><br><br>ODL mode വഴി പ്രവർത്തിക്കുന്ന ഈ സർവ്വകലാശാലയിൽ പി.എച്ച്.ഡി. പ്രോഗ്രാമുകൾ നടത്തുന്നില്ല. |
| (ബി) | സർവകലാശാലകളിൽ 2020-2021 മുതലുള്ള അധ്യയനവർഷങ്ങളിൽ വിവിധ സംവരണ ടേണുകളിൽ പി.എച്ച്.ഡി. പ്രവേശനം നേടിയവരുടെ എണ്ണം സംവരണ വിഭാഗം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | വിവിധ സർവകലാശാലകളിൽ 2020-2021 മുതൽ സംവരണ ടേണുകളിൽ പി.എച്ച്.ഡി. പ്രവേശനം നേടിയവരുടെ എണ്ണം സംവരണവിഭാഗം തിരിച്ചുള്ളത് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പി.എച്ച്.ഡി. പ്രവേശനത്തിന് ഒ.ബി.സി. വിഭാഗങ്ങൾക്ക് ഏതെങ്കിലും സർവകലാശാലയിൽ നിലവിൽ സംവരണം അനുവദിക്കാത്തതായി | (സി) | ഉണ്ട്. കേരള സർവകലാശാലയിൽ UGC (Minimum standards and procedures for award of Ph.d Degree) Regulations-2022, dated |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ? | | 07.11.2022 പ്രകാരം കേരള സർവകലാശാലയിൽ Ph.D പ്രവേശനത്തിന് സംവരണം നടപ്പിലാക്കുന്നതിനായുള്ള നയപരമായ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പി.എച്ച്.ഡി. പ്രവേശനത്തിനുള്ള എൻട്രൻസ് പരീക്ഷയിൽ വിജയിക്കാനാവശ്യമായ മിനിമം മാർക്കിൽ (35 out of 70) ഒ.ബി.സി. ഉൾപ്പെടെയുള്ള ചില വിഭാഗക്കാർക്ക് 5% relaxation (31.5 out of 70) അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കേരള സർവകലാശാല :

2020-2021 അധ്യയന വർഷത്തിൽ Ph.D പ്രവേശനത്തിനുള്ള സംവരണം കേരള സർവകലാശാലയിൽ നടപ്പിലാക്കിയിട്ടില്ല.

### മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാല യിൽ 2020-21 മുതലുള്ള അധ്യയന വർഷങ്ങളിൽ SC/ST വിഭാഗങ്ങളിലായി 103 പേർ പി.എച്ച്.ഡി. പ്രവേശനം നേടിയിട്ടുണ്ട്.

### കാലിക്കറ്റ് സർവ്വകലാശാല

| YEAR | GENERAL | OBC | OEC | SC | ST | EWS | LC | OBX | PBH |
|---|---|---|---|---|---|---|---|---|---|
| 2020 | 127 | 292 | 10 | 43 | 5 | 1 | 0 | 0 | 0 |
| 2021 | 91 | 185 | 3 | 32 | 4 | 1 | 0 | 0 | 7 |
| 2022 | 184 | 348 | 12 | 62 | 8 | 0 | 5 | 1 | 3 |
| 2023 | 162 | 205 | 10 | 50 | 3 | 2 | 0 | 1 | 1 |

### കണ്ണൂർ സർവ്വകലാശാല

| YEAR | GENERAL | OBC | SC | ST |
|---|---|---|---|---|
| 2020 – 21 | 39 | 87 | 6 | 2 |
| 2021 – 22 | 29 | 57 | 7 | 0 |
| 2022 – 23 | 12 | 34 | 4 | 2 |
| 2023 – 24 | 42 | 89 | 9 | 4 |

### കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി

| YEAR | SC | ST | OBC |
|---|---|---|---|
| 2020 – 21 | 12 | 14 | 80 |
| 2021 – 22 | 9 | 2 | 43 |
| 2022 – 23 | 8 | 0 | 55 |

### മലയാള സർവ്വകലാശാല

| വർഷം | പ്രവേശനം നേടിയവരു | ഓപ്പൺ | ഒ.ബി.സി | ഒ.ബി.സി ഇ.ടി.ബി | എസ്.സി / | മറ്റ് ഒ.ബി.സി വിഭാഗം | ഇ.ഡബ്ല്യു.എസ് |
|---|---|---|---|---|---|---|---|

| | ടെ എണ്ണം | | മുസ്ലീം | | എസ്.ടി | | |
|---|---|---|---|---|---|---|---|
| 2021 – 22 | 19 | 11 | 4 | 2 | 1 | 1 | 0 |
| 2022 – 23 | – | – | – | – | – | – | – |
| 2023 – 24 | 33 | 18 | 4 | 4 | 4 | 2 | 1 |

**<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല :</u>**

| YEAR | പട്ടികജാതി സംവരണ ടേണിൽ പ്രവേശനം നേടിയവരുടെ എണ്ണം | പട്ടികവർഗ്ഗ സംവരണം |
|---|---|---|
| 2020 – 21 | 9 | 0 |
| 2021 – 22 | 10 | 1 |
| 2022 – 23 | 17 | 1 |
| 2023–24 | 3 | 1 |

**<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്</u>**

| Sl No. | 2020 – 21 | |
|---|---|---|
| 1 | SC | 1 |
| 2 | Ezhava | 2 |
| 3 | Ehuthachan | 1 |

| Sl No. | 2022 – 23 | |
|---|---|---|
| 1 | SC | 1 |
| 2 | Ezhava | 1 |
| 3 | Islam | 2 |

**സെക്ഷൻ ഓഫീസർ**